പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2824

10-3-2017- ന് മറുപടി നൽകേണ്ടിയിരുന്നത്

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

മറുപടി

പ്രൊഫ..സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിന് മെറിറ്റ് അട്ടിമറിക്കപ്പെട്ടു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ റിപ്പോർട്ട് വ്യക്തമാക്കാമോ;

എ) സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിന് മെറിറ്റ് അട്ടിമറിക്കപ്പെട്ടു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സ്ഥിരം ഒഴിവുകൾ സംസ്ഥാനത്ത് എത്ര എണ്ണം ഉണ്ട്; നിലവിൽ ഇത്തരം അദ്ധ്യാപകരെ നിയമിക്കുന്ന രീതി വ്യക്തമാക്കാമോ;

ബി) 2016-17 വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 66 സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും സർക്കാർ സ്കൂളുകളിൽ 186 സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്റ്റിന്റെ ഭാഗമായി 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സ്ഥിരം ഒഴിവുകളിൽ നിയമിക്കുന്നത് കെ.ഇ.ആർ. പ്രകാരമാണ്. സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേനയും എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അനുവദനീയമായ തസ്തികകളിൽ അതത് മാനേജ്മെന്റിലെ മാനേജരും ആണ് നിയമിക്കുന്നത്.

| | | | |
|---|---|---|---|
| സി) | സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ? | സി) | കെ.ഇ.ആർ.ലെ XXIII-ാം അദ്ധ്യായത്തിലെ ചട്ടം 6(4)- ൽ നിഷ്കർഷിച്ചിട്ടുളള വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നത്.<br><br>സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്ടിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വെളിച്ചത്തിൽ എസ്.എസ്.എ. പ്രോജക്ട് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുളള മാനദണ്ഡങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## എസ്. എസ്. എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ നടപടിക്രമം

### ഹാജർ: ഡോ. എ. പി. കുട്ടികൃഷ്ണൻ

വിഷയം: എസ് എസ് എ - പൊതു വിദ്യാഭ്യാസം - വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്പെഷ്യലിസ്റ്റ് അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത് - ഇന്റർവ്യൂ ബോർഡ് രൂപീകരണവും - മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 05.10.2016 ലെ ജി.ഒ (എം.എസ്.) 170/16/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. ഈ കാര്യാലയത്തിലെ 06.10.2016 ലെ ഇതേ നമ്പർ സർക്കുലർ

**ഉത്തരവ് നമ്പർ പി1 – 1137/16/എസ്.എസ്.എ. തീയതി. 01 – 11 – 2016**

വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥപ്രകാരവും, എസ് എസ്.എയുടെ പാഠ്യപദ്ധതിയ്ക്ക് അനുസ്യതമായും, 100 കുട്ടികളിൽ കൂടുതലുള്ള സർക്കാർ യു.പി സ്കൂളുകളിൽ കല, കായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ (838 X 3 വീതം ആകെ 2514) കരാർ അടിസ്ഥാനത്തിൽ, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും, കെ.ഇ.ആർ. ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും, സംസ്ഥാന സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നതിന് സൂചന (1) ഉത്തരവ് പ്രകാരം, എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും, പാലിയ്ക്കേണ്ട വ്യവസ്ഥകളും മറ്റ് മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

- സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് ജില്ലാതല ഇന്റർവ്യൂ ബോർഡിന്റെ ചെയർമാൻ
  - (a) എസ്.എസ്.എയുടെ പ്രതിനിധിയും,
  - (b) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അഭാവത്തിൽ ഡയറ്റ് പ്രിൻസിപ്പൽ
  - (C) ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ദർ എന്നിവർ അംഗങ്ങളുമായിരിക്കും. വിദഗ്ദരുടെ ലിസ്റ്റ് കോൺഫിഡൻഷ്യൽ കവറിൽ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകുന്നതാണ്.
- നവംബർ 10 മുതൽ 16 വരെയുള്ള ദിവസങ്ങളിൽ അനുയോജ്യമായ മൂന്ന് ദിവസങ്ങളിൽ എല്ലാ ജില്ലകളിലും അഭിമുഖം നടത്തേണ്ടതും, അഭിമുഖം നടത്തി ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ എല്ലാവരും ഒപ്പിട്ട അന്തിമ റാങ്ക്ലിസ്റ്റ് സീൽഡ് കവറിൽ പിറ്റേ ദിവസം തന്നെ പ്രത്യേക ദൂതൻ മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്
- ജില്ലകളിലെ ഇന്റർവ്യൂ തീയതി നിശ്ചയിച്ച് ഈ കാര്യാലയത്തിൽ അറിയിക്കുന്ന മുറയ്ക്ക് ഇന്റർവ്യൂ ബോർഡ് അംഗങ്ങളുടെ ലിസ്റ്റ് അറിയിക്കുന്നതായിരിക്കും.
- ഇന്റർവ്യൂ നടക്കുന്ന വിശദാംശങ്ങൾ നോട്ടീസ് ബോർഡിൽ പതിക്കുകയും പത്ര ദൃശ്യ മാധ്യമങ്ങളിൽ അറിയിക്കേണ്ടതുമാണ്

♦ അഭിമുഖം തുടങ്ങുന്നതിന് മുമ്പുതന്നെ ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതും ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷനായി പ്രത്യേകം പ്രൊഫോർമ തയ്യാറാക്കേണ്ടതുമാണ്. സൂക്ഷ്മപരിശോധനാസമയം അപേക്ഷകന്റെ പേര്, വയസ്, ജാതി, നിലവിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തിയാണോയെന്നുള്ള വിവരം (അസ്സൽ രേഖകൾ സമർപ്പിച്ചാൽ മാത്രം) പ്രത്യേകം പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതുമാണ്.

♦ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് മതിയായ എണ്ണം ബി.ആർ.സി ട്രെയിനർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

♦ അഭിമുഖത്തിന് ആകെ 30 മാർക്കും അതാതുവിഷയത്തിലെ അടിസ്ഥാന യോഗ്യതയ്ക്ക് 4 മാർക്കും, അധിക യോഗ്യത/ഉയർന്ന യോഗ്യതയ്ക്ക് ഓരോന്നിനും 3 മാർക്കുവീതവും, (സർക്കാർ തലത്തിൽ അംഗീകാരമുള്ളതിനുമാത്രം പരമാവധി 10 മാർക്ക്) ബന്ധപ്പെട്ട വിഷയങ്ങളിലെ സംസ്ഥാന/ദേശീയതല നേട്ടങ്ങൾക്ക്- സംസ്ഥാന നേട്ടത്തിന് 4 മാർക്കും ദേശീയ നേട്ടത്തിന് 6 മാർക്കും കണക്കാക്കി പരമാവധി 10 മാർക്കും മുൻ പരിചയത്തിന് വർഷം ഒന്നിന് 1 മാർക്ക് ക്രമത്തിൽ (സർക്കാർ/എയ്ഡഡ് സ്കൂൾ അധ്യാപക സർവ്വീസിന് മാത്രം) പരമാവധി 10 മാർക്കും നിശ്ചയിച്ചിരിക്കുന്നു. ഉദ്യോഗാർത്ഥിയുടെ വയസ്സ് നവംബർ 1 ന് 50 കഴിയാൻ പാടില്ല.

♦ വിഷയക്രമത്തിൽ അഭിമുഖം പ്രത്യേകം ദിവസങ്ങളിലോ/സെഷനിലോ നടത്തേണ്ടതാണ്.

♦ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പി.എസ്.സി നിഷ്കർഷിക്കുന്ന പ്രകാരം സംവരണ തത്വം- ഈ ആനുകൂല്യത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പാലിക്കേണ്ടതാണ്. നിലവിൽ പി.എസ്.സി റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ആദ്യപരിഗണന നൽകി സംവരണക്രമത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

♦ എസ്.എസ്.എ ജില്ലാ ആഫീസിൽ നേരത്തെ അപേക്ഷ നൽകിയവർക്കൊപ്പം എംപ്ലോയ്മെന്റ് ഓഫീസ് തയ്യാറാക്കിത്തന്ന ലിസ്റ്റിലുള്ളവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവസരം നൽകേണ്ടതാണ്.

(ഒപ്പ്)

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

സ്വീകർത്താവ്

1 എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാരും

പകർപ്പ്

1 അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

2 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ